# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 507

10.06.2014-ൽ മറുപടിക്ക്

## ഭവന രഹിതരായവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി: | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പട്ടികവർഗ്ഗം, പട്ടികജാതി, പൊതുവിഭാഗം എന്നീ മൂന്ന് വിഭാഗങ്ങളിലായി ഓരോ ജില്ലയിലും എത്ര വീതം കുടുംബങ്ങൾ ഭവനരഹിതരായിട്ടുണ്ട്; | (എ) ഭവനരഹിതരായിട്ടുള്ളവരുടെ വിവര ശേഖരണം ഭവന നിർമ്മാണ വകുപ്പ് നടത്തിയിട്ടില്ല. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കുടുംബങ്ങൾക്ക് ഓരോ വിഭാഗത്തിലും ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചു; | (ബി) ഭവന നിർമ്മാണ വകുപ്പ് മുഖേന എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി പ്രകാരം സർക്കാർ സബ്സിഡിയായി പട്ടികവർഗ്ഗ വിഭാഗത്തിൽ 3 കുടുംബങ്ങൾക്കും പട്ടികജാതി വിഭാഗത്തിൽ 377 കുടുംബങ്ങൾക്കും പൊതു വിഭാഗത്തിൽ 1780 കുടുംബങ്ങൾക്കും ഉൾപ്പെടെ 2160 കുടുംബങ്ങൾക്ക് 18.48 കോടി രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം സർക്കാർ സബ്സിഡിയായി പട്ടികവർഗ്ഗ വിഭാഗത്തിൽ 8 കുടുംബങ്ങൾക്കും പട്ടികജാതി വിഭാഗത്തിൽ 1 കുടുംബത്തിനും പൊതു വിഭാഗത്തിൽ 516 കുടുംബങ്ങൾ ഉൾപ്പെടെ 525 കുടുംബങ്ങൾക്ക് 10.5 കോടി രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 31.05.2014 വരെ 220.5 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) സർക്കാർ നിബന്ധനകൾ പാലിച്ചുകൊണ്ട് 50 ച.മീ. വിസ്തൃതിയിൽ വാസയോഗ്യമായ ഒരു വീട് നിർമ്മിക്കുന്നതിന് എത്ര രൂപ ചെലവാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; | (സി) 50 ച.മീ. വിസ്തീർണ്ണമുള്ള വീട് പണിയുന്നതിന് നിലവിലുള്ള മാർക്കറ്റ് നിരക്കായ ച.മീറ്ററിന് 11,000/- രൂപ വച്ച് 5,50,000/- രൂപ ചെലവ് വരുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ധനസഹായത്തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ: ഇപ്പോൾ അനുവദിക്കപ്പെട്ട തുക വളരെ തുച്ഛമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ചില പദ്ധതികളിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക കുറവാണെന്ന ചില പരാതികൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ